# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.506** **18.05.2017-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി**

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പ്രവാസികൾക്കായി ചിട്ടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ചിട്ടിയാണ് കെ.എസ്.എഫ്.ഇ. ആലോചിക്കുന്നത്; | (എ) & (ബി) | ഇല്ല. പ്രവാസികൾക്കായി ചിട്ടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രവാസി ചിട്ടിയുടെ തുക, ഓൺലൈനായി ലേലം വിളിക്കാനുള്ള സംവിധാനം എന്നിവ സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) | പ്രസ്തുത ചിട്ടിക്ക് ഓൺലൈനായി ലേലം വിളിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ചിട്ടിക്ക് അടക്കുന്ന പണം കിഫ്ബിയിൽ നിക്ഷേപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | പ്രവാസികളായ ചിട്ടി വരിക്കാർക്ക് ഏതെങ്കിലും പേയ്മെന്റ് ഗേറ്റ് വേ വഴി ചിട്ടി തുക ഒടുക്കാവുന്നതാണ്. ഇത്തരത്തിൽ അടയ്ക്കുന്ന പണം അപ്പപ്പോൾ കെ.എസ്.എഫ്.ഇ യുടെ പേരിൽ കിബ്ഫിയുടെ പ്രവാസി ബോണ്ടുകളിൽ ഓട്ടോമാറ്റിക് ആയി നിക്ഷേപിക്കപ്പെടും. ചിട്ടി പിടിക്കുമ്പോഴോ നറുക്ക് വീണ് പണം പിൻവലിക്കുമ്പോഴോ ആവശ്യമുള്ള പണം പിൻവലിക്കാൻ കെ.എസ്.എഫ്.ഇ.യ്ക്ക് കാൾ ഓപ്ഷൻ നൽകാനും മിച്ചമുള്ള ഫ്രീ ഫ്ലോട്ട് കിഫ്ബിയുടെ ബോണ്ടുകളിൽ തന്നെ നിലനിർത്തുവാനുമുള്ള സംവിധാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ചിട്ടിക്ക് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | റിസർവ്വ് ബാങ്കിന്റെ 02.03.2015 ലെ FEMA 337/2015-RB നമ്പർ ഭേദഗതി നോട്ടിഫിക്കേഷൻ പ്രകാരം ഫെമ ആക്ടിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഏതൊരു ചിട്ടി സ്ഥാപനത്തിനും പ്രവാസികളിൽ നിന്നും വരിസംഖ്യ സ്വീകരിക്കാവുന്നതാണ്. ആയതിനാൽ പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ